**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3849** **27-10-2021 - ൽ മറുപടിയ്ക്ക്**

**മുൻസിഫ് കോടതികളും കോടതികളിലെ അവശ്യ തസ്തികകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ പ്രവർത്തിക്കുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി 31.10.2013 തീയതിയിലെ ജി.ഒ(എം.എസ്)217/2013/ഹോം ഉത്തരവ് പ്രകാരം മുൻസിഫ്-മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. എങ്കിലും ടി കോടതി ഇപ്പോഴും ജെ.എഫ്.സി.എം കോടതിയായിട്ടാണ് പ്രവർത്തിച്ചു വരുന്നത്. 31.01.2015-ലെ G.O.(Ms) No.20/2015/Home പ്രകാരം 8 തസ്തികകൾ അനുവദിച്ചിരുന്നു. 17 തസ്തികകൾകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു വെങ്കിലും 06.03.2019-ലെ G.O(Ms)29/2019/Home പ്രകാരം സബോർഡി നേറ്റ് ജുഡീഷ്യറിയിൽ 478 തസ്തികകൾ സൃഷ്ടിച്ചതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ തൽക്കാലം വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 2013-നുശേഷം അട്ടപ്പാടിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് 22.09.2017 ലെ G.O.(Rt)No.2480/2017/Home പ്രകാരം തത്വത്തിൽ അനുമതി നൽകി യിട്ടുണ്ട്. അടിമാലി, കോതമംഗലം, താമരശ്ശേരി എന്നിവിടങ്ങളിലെ 3 ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ മുൻസിഫ് മജിസ്ട്രേറ്റ് കോടതികളായി മാറ്റി ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോടതി ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; 2013 ന് ശേഷം സംസ്ഥാനത്ത് പുതുതായി മുൻസിഫ് കോടതികൾ ആരംഭിച്ചിട്ടുണ്ടോയെന്നും എവിടെയൊക്കെയാണെന്നും അറിയിക്കാമോ; | (ബി) | ഉണ്ട്. എങ്കിലും ടി കോടതി ഇപ്പോഴും ജെ.എഫ്.സി.എം കോടതിയായിട്ടാണ് പ്രവർത്തിച്ചു വരുന്നത്. 31.01.2015-ലെ G.O.(Ms) No.20/2015/Home പ്രകാരം 8 തസ്തികകൾ അനുവദിച്ചിരുന്നു. 17 തസ്തികകൾകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു വെങ്കിലും 06.03.2019-ലെ G.O(Ms)29/2019/Home പ്രകാരം സബോർഡി നേറ്റ് ജുഡീഷ്യറിയിൽ 478 തസ്തികകൾ സൃഷ്ടിച്ചതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ തൽക്കാലം മാറ്റി വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 2013-നുശേഷം അട്ടപ്പാടിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് 22.09.2017 ലെ G.O. |

| | | | |
|---|---|---|---|
| | | | (Rt)No.2480/2017/Home പ്രകാരം തത്വത്തിൽ അനുമതി നൽകി യിട്ടുണ്ട്. അടിമാലി, കോതമംഗലം, താമരശ്ശേരി എന്നിവിടങ്ങളിലെ 3 ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ മുൻസിഫ് മജിസ്ട്രേറ്റ് കോടതികളായി മാറ്റി ഉത്തരവായിട്ടുണ്ട്. |
| (സി) | 30.04.2015 ന് D7(A)-16913/2006 നമ്പർ കത്ത് പ്രകാരം ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുള്ള അവശ്യ തസ്തികകൾ അനുവദിക്കുമോ; വിശദമാക്കാമോ; 30.04.2015 ന് ശേഷം നാളിതുവരെ എത്ര തസ്തികകൾ വിവിധ കോടതികൾക്കായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | 30.04.2015 ന് D7(A)-16913/2006 നമ്പർ കത്ത് പ്രകാരം 17 തസ്തികകൾ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു. 30.04.2015 ന് ശേഷം നാളിതുവരെ സബോർഡിനേറ്റ് ജൂഡീഷ്യറിയിൽ 1750 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് |
| (ഡി) | നിലമ്പൂരിൽ പ്രവർത്തിക്കുന്ന ജെ.എഫ്.സി.എം. കോടതി, മുൻസിഫ്- മജിസ്ട്രേറ്റ് കോടതിയാക്കി പ്രവർത്തനസജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ? | (ഡി) | 31.10.2013 ലെ G.O.(Ms)No.271/ 2013/Home പ്രകാരം നിലമ്പൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി പരിവർത്തനം ചെയ്യുകയും 31.01.2015-ലെ G.O.(Ms) No.20/2015/Home പ്രകാരം 8 തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മറ്റ് നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ